# 45. പഞ്ചാബിൽ സമാധാനം?

അകാലിദൾ പ്രസിഡണ്ട് സന്ത് ഹർചന്ദ് സിംഹ് ലോംഗോവാലും പ്രധാനമന്ത്രി രാജീവ് ഗാന്ധിയും ജൂലൈ 24-ാം തീയതി ഒരു ഒത്തുതീർപ്പുകരാറിൽ ഒപ്പിട്ടതിൻഫലമായി പഞ്ചാബിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉളവായിരിക്കുന്നു. തങ്ങളുടെ ആവശ്യങ്ങൾ നേടുന്നതിനായി അകാലിദൾ നടത്തിക്കൊണ്ടിരുന്ന പ്രക്ഷോഭണം (ധർമയുദ്ധം, മോർച്ച) പിൻവലിച്ചിരിക്കുന്നു. അകാലിദളിന്റെ മുപ്പതു മണ്ഡലങ്ങളിൽ ഇരുപത്തൊമ്പതിന്റെയും അധ്യക്ഷന്മാർ ലോംഗോവാൽ-രാജീവ് ഗാന്ധി ഒത്തുതീർപ്പിന് ജൂലൈ 30-ാം തീയതി പിൻതുണ പ്രഖ്യാപിച്ചിട്ടുണ്ട്.

എന്നാൽ, ഭിൻഡ്രാൻ വാലയുടെ പിതാവായ ജോഗീന്ദർ സിംഹിന്റെ നേതൃത്വത്തിലുള്ള അകാലികളും സിഖ് വിദ്യാർത്ഥി ഫെഡറേഷനും ഈ ഒത്തുതീർപ്പിനെ എതിർത്തുവരുകയാണ്. ഇവരും, സന്ത് ലോംഗോവാലിന്റെ അനുയായികളും തമ്മിൽ, അമൃതസരസ്സിലെ സുവർണക്ഷേത്രത്തിൽവെച്ച് ജൂലൈ 30-ാം തീയതി പരസ്പരം വെടിവെയ്പു നടന്നു. ബ്രിട്ടൻ, അമേരിക്ക, കാനഡ, പടിഞ്ഞാറെ ജർമനി മുതലായ രാജ്യങ്ങളിലിരുന്നുകൊണ്ട് ഖാലിസ്ഥാനുവേണ്ടിയുള്ള സമരം നയിക്കുന്നവരും ലോംഗോവാൽ-രാജീവ് ഗാന്ധി ഒത്തുതീർപ്പിനെതിരാണ്. ഇക്കാരണങ്ങളാൽ വ്യക്തിപരമായ ഹിംസാശ്രമങ്ങളും, ട്രാൻസിസ്റ്റർ ബോംബ് സ്ഫോടനങ്ങൾപോലെയുള്ള അട്ടിമറിപ്പണികളും, വിമാനത്തട്ടിപ്പുകളും മറ്റും, പഞ്ചാബിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും വിദേശങ്ങളിൽത്തന്നെയും ഇനിയും സിഖ് ഉഗ്രവാദികൾ നടത്തിക്കൊണ്ടിരിക്കുമെന്നു പ്രതീക്ഷിക്കാം. അക്രമങ്ങൾ തടയാൻ സർക്കാർ നിതാന്ത ജാഗ്രത പുലർത്തണമെന്നു ചുരുക്കം.

സിഖ് ഉഗ്രവാദികൾക്ക് അട്ടിമറിപ്പണികളിൽ പരിശീലനം നൽകുന്ന സ്കൂളുകൾ അമേരിക്കയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ അടച്ചുപൂട്ടണമെന്ന് പ്രധാനമന്ത്രി രാജീവ് ഗാന്ധി പരസ്യമായി ആവശ്യപ്പെട്ടതിന് എന്തു പ്രതികരണമാണ് അമേരിക്കൻ സർക്കാരിൽനിന്നു ഉണ്ടാവുക എന്നറിഞ്ഞുകൂടാ. വൻതോതിൽ സിഖ് വിഘടനവാദികൾക്ക് പരിശീലനവും ആയുധ-ധനസഹായവും നൽകുന്ന മറ്റൊരു രാജ്യം പാകിസ്ഥാൻ ആണ്. തെക്കെ അമേരിക്കയിലെ ഒരു ഏകാധിപത്യഭരണകൂടമായ ഇക്വഡോർ ഖാലിസ്ഥാനെ ഔദ്യോഗികമായി അംഗീകരിച്ചുവെന്നും, ആ രാജ്യത്തുനിന്ന് 'ഖാലിസ്ഥാൻ ഗവണ്മെന്റി'ന്റെ പ്രവർത്തനങ്ങൾക്കു സൗകര്യം നൽകുമെന്നും ജൂലൈ 30-ാം തീയതിയിലെ പത്രങ്ങളിൽ കണ്ടിരുന്നു. ഇന്ത്യയുടെ ആഭ്യന്തരകാര്യമായ സിഖ് പ്രശ്നത്തെ അന്താരാഷ്ട്രീയവത്കരിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഐക്യരാഷ്ട്രസംഘടനയിൽ, രണ്ടു രാഷ്ട്രങ്ങൾ തമ്മിലുള്ള ഒരു പ്രശ്നമായി 'ഖാലിസ്ഥാൻ' അവതരിപ്പിക്കപ്പെടാനും കശ്മീർ പ്രശ്നംപോലെ ഖാലിസ്ഥാൻ പ്രശ്നവും ഐക്യരാഷ്ട്രസംഘടനയിലൂടെയുള്ള ഇന്ത്യയുടെ പ്രവർത്തനങ്ങളിൽ നിരന്തരം ഇടംകോലിടുന്ന ഒരു അലോസരമായിത്തീരാനും സാധ്യതയില്ലായ്കയില്ല. ഇക്വഡോറിനെ ഈ പണിക്കു പ്രേരിപ്പിക്കുന്നത് ആരാണെന്ന് മേലിൽ വ്യക്തമാകാനിരിക്കുന്നതേയുള്ളൂ.

ഇന്ത്യയിലെ എല്ലാ രാഷ്ട്രീയപ്പാർട്ടികളും ലോംഗോവാൽ-രാജീവ് ഗാന്ധി ഒത്തുതീർപ്പിന് പിൻതുണ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിട്ടും,

ഹരിയാനയിലും രാജസ്ഥാനിലും ഇതേ പാർട്ടികൾതന്നെ ഒത്തുതീർപ്പിലെ പല നിർദേശങ്ങളെയും എതിർത്തുവരികയാണ്. ഈ പാർട്ടികൾ രാജസ്ഥാൻ നിയമസഭയ്ക്കകത്ത് നാലു ദിവസത്തോളം ഒരു കുത്തിയിരിപ്പ്(ധർണ)പോലും നടത്തുകയുണ്ടായി. അലോസരമുണ്ടാക്കാനല്ലാതെ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് മുന്നോട്ടുപോകുന്നതിൽ കാര്യമായ തടസ്സങ്ങളുണ്ടാക്കാൻ എതിർപാർട്ടികളുടെ ഈ എതിർപ്പിന് ശേഷി പോരാ.

അകാലിദൾ 1973—ൽ അംഗീകരിച്ച ആനന്ദ്പൂർസാഹിബ്പ്രമേയം, സിഖ് സമുദായത്തിന്റെ 'മാഗ്നകാർട്ട' ആണെന്നും ഈ പ്രമേയം ഇന്ത്യാഗവണ്മെന്റ് അംഗീകരിക്കണമെന്നുമാണ് അകാലിദൾ മുഖ്യമായി ആവശ്യപ്പെടുന്നത്. ഇന്ത്യൻ യൂണിയനിൽനിന്നു വിട്ട്, സ്വതന്ത്രമായി, 'ഖാലിസ്ഥാൻ' എന്ന ഒരു സ്വതന്ത്രരാഷ്ട്രം, ഇന്നത്തെ പഞ്ചാബിലെയും ഹരിയാനയിലെയും രാജസ്ഥാനിലെയും മററു പ്രദേശങ്ങൾ ഉൾപ്പെടുത്തി, സ്ഥാപിക്കണമെന്ന ആവശ്യം ഈ പ്രമേയത്തിൽ അടങ്ങുന്നു എന്നാണ് ഖാലിസ്ഥാൻ വാദികൾ കരുതുന്നത്. അതേസമയം ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായ ആവശ്യങ്ങളേ ഇതിലുള്ളു എന്ന് ലോംഗോവാലിന്റെ നേതൃത്വത്തിലുള്ള അകാലിദൾ പറയുന്നു. ഈ പ്രമേയത്തിന്റെ യഥാർത്ഥരൂപം എന്ത് എന്നതു സംബന്ധിച്ചുപോലും അഭിപ്രായഭേദങ്ങളുണ്ട്. ആനന്ദ്പൂർസാഹിബ്പ്രമേയത്തെപ്പററി ഞാൻ 1985 ഫെബ്രുവരി 3—ാം തീയതിയിലെ 'കുങ്കുമ'ത്തിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ഇപ്പോൾ പഞ്ചാബിലുള്ള ഗുരുദ്വാരകളുടെ (സിഖ്മതസ്ഥാപനങ്ങളുടെ) വമ്പിച്ച സ്വത്തുക്കൾ ഭരിക്കുന്നത് 'ശിരോമണി ഗുരുദ്വാരപ്രബന്ധക് സമിതി' എന്ന, തിരഞ്ഞെടുക്കപ്പെട്ട, സ്ഥാപനമാണ്. മററ് സ്റ്റേററുകളിലെ ഗുരുദ്വാരകളെ അതാതിടത്തെ പ്രാദേശികക്കമ്മററികൾ ഭരിക്കുന്നു. ഈ പതിവു മാററി, ഇന്ത്യയിലെങ്ങുമുള്ള ഗുരുദ്വാരകളെ ഒരൊററ ഭരണത്തിൻകീഴിൽ കൊണ്ടുവരണമെന്നാണ് ആനന്ദ്പൂർസാഹിബ്പ്രമേയത്തിന്റെ ഒരാവശ്യം. ഈ ആവശ്യം ലോംഗോവാൽ—രാജീവ് ഒത്തുതീർപ്പിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

പഞ്ചാബി ഭാഷാപ്രദേശങ്ങൾ ഏകീകരിച്ച് ഒരു 'പുതിയ പഞ്ചാബ്' രൂപവത്കരിക്കണമെന്നും, അതിൽ രാജ്യരക്ഷ, വിദേശബന്ധങ്ങൾ, നാണ്യം, ഗതാഗത—വാർത്താവിനിമയങ്ങൾ എന്നിവയിൽമാത്രമേ കേന്ദ്രഗവണ്മെന്റ് കൈകടത്താവൂ എന്നും, മററു കാര്യങ്ങളിലെല്ലാം പുതിയ പഞ്ചാബിന് പൂർണാധികാരം വേണമെന്നും, ഇന്ത്യയിലെ മററെല്ലാ സംസ്ഥാനങ്ങൾക്കും ഇതേ അധികാരങ്ങൾ നൽകണമെന്നും, ഇതിനായി ഇന്ത്യൻ ഭരണഘടന മാററിയെഴുതണമെന്നുമാണ് ആനന്ദ്പൂർസാഹിബ്പ്രമേയത്തിലെ കാതലായ ആവശ്യം. ഈ ആവശ്യം ഇന്ത്യൻ ഭരണഘടനയ്ക്കു നിരക്കാത്തതും, നടപ്പിൽ വരുത്തുന്നപക്ഷം ഇന്ത്യയെന്ന രാഷ്ട്രത്തിന്റെ വിഘടനത്തിൽ പര്യവസാനിക്കുന്നതുമാകുന്നു. കേന്ദ്ര—സംസ്ഥാനബന്ധങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് കേന്ദ്രഗവണ്മെന്റ് നിയമിച്ചിട്ടുള്ള സാർക്കാരിയാ കമ്മീഷന്റെ തീരുമാനത്തിന് ആനന്ദ്പൂർസാഹിബ്പ്രമേയത്തിലെ ഇത്തരം ആവശ്യങ്ങൾ സമർപ്പിക്കാൻ ലോംഗോവാൽ—രാജീവ്ഗാന്ധി ഒത്തുതീർപ്പുപ്രകാരം അകാലിദൾ സമ്മതിച്ചിരിക്കുന്നു. ഒത്തുതീർപ്പിൽ അകാലിദൾ ചെയ്തിട്ടുള്ള കാര്യമായ വിട്ടുവീഴ്ച ഇതൊന്നുമാത്രമാണ്.

അകാലിദളിന്റെ മററു മിക്ക ആവശ്യങ്ങളും ലോംഗോവാൽ—രാജീവ് ഒത്തുതീർപ്പുപ്രകാരം ഇന്ത്യാഗവണ്മെന്റ് അംഗീകരിച്ചിരിക്കുന്നു.

ഒത്തുതീർപ്പിൽ പതിനൊന്നു വ്യവസ്ഥകളാണുള്ളത്. അവയുടെ സംക്ഷേപം താഴെ ചേർക്കുന്നു.

1 1982 ആഗസ്റ്റ് 1 മുതൽ (അകാലിപ്രക്ഷോഭണം തുടങ്ങിയതു് അന്നാണ്) കൊല്ലപ്പെടുകയോ സ്വത്തു് നശിക്കുകയോചെയ്ത നിരപരാധികൾക്കൊക്കെ കേന്ദ്രഗവണ്മെൻറ് സൗജന്യധനസഹായവും നഷ്ടപരിഹാരവും നൽകും.

2 പട്ടാളത്തിൽ ചേരാൻ ഇന്ത്യയിലെ പൗരന്മാർക്കെല്ലാം തുല്യ അധികാരമുണ്ട്. 'മെറിററ്' മാത്രമാണ് ഇവിടെ നിർണായകം.

3 ഇന്ദിരാവധത്തെത്തുടർന്ന് 1984 നവംബറിൽ ദൽഹിയിൽ നടന്ന കലാപങ്ങളെപ്പററി അന്വേഷിക്കുന്ന ജസ്റ്റീസ് രംഗനാഥ് മിശ്രകമ്മീഷൻ ബൊക്കാറോവിലും കാൻപൂരിലും നടന്ന ലഹളകളെക്കുറിച്ചുകൂടി അന്വേഷിക്കും.

4 പട്ടാളത്തിൽ കലാപമുണ്ടാക്കിയതിനു പിരിച്ചുവിട്ട സിഖ്കാർക്കു വരുമാനമുള്ള മററു തൊഴിലുകൾ സർക്കാർ ഉണ്ടാക്കിക്കൊടുക്കും.

5 ഒരു അഖിലേന്ത്യാ ഗുരുദ്വാര ഭരണനിയമം ഉണ്ടാക്കുന്നതിനെ ഇന്ത്യാഗവണ്മെൻറ് അനുകൂലിക്കും.

6 പഞ്ചാബിൽ നിലവിലുള്ള പട്ടാള പ്രത്യേകാധികാരനിയമം പിൻവലിക്കും. സർക്കാരിനെതിരെ യുദ്ധം, വിമാനത്തട്ടിപ്പ് എന്നീ കുററങ്ങൾമാത്രമേ പ്രത്യേക കോടതികളുടെ വിചാരണയ്ക്കു് സമർപ്പിക്കുകയുള്ള സിഖുകാർക്കെതിരെയുള്ള മററു കേസുകളെല്ലാം സാധാരണ കോടതികളുടെ പരിഗണനയ്ക്കു വിടും.

7 ഇപ്പോൾ കേന്ദ്രഭരണപ്രദേശത്തിലുള്ള ചണ്ഡീഗഢ് നഗരം പഞ്ചാബ് സംസ്ഥാനത്തിനു വിട്ടുകൊടുക്കും. ചണ്ഡീഗഢ് കേന്ദ്രഭരണ പ്രദേശത്തിലെ പഞ്ചാബിഭാഷ സംസാരിക്കുന്ന പ്രദേശങ്ങൾ പഞ്ചാബിലും ഹിന്ദി സംസാരിക്കുന്ന പ്രദേശങ്ങൾ ഹരിയാനയിലും ചേർക്കും. ഇപ്പോൾ പഞ്ചാബ് സ്റ്റേററിലുള്ള ഹിന്ദിഭാഷാപ്രദേശങ്ങൾ ഹരിയാനയ്ക്കു വിട്ടുകൊടുക്കും. ഈ പ്രദേശങ്ങൾ ഏതെല്ലാമെന്നു നിർണയിക്കാൻ ഇന്ത്യാഗവണ്മെൻറ് ഒരു കമ്മിഷനെ നിയമിക്കും. വില്ലേജ് അടിസ്ഥാനമാക്കിയായിരിക്കും ഈ നിർണ്ണയനം. ഈ കമ്മിഷൻ 1985 ഡിസംബർ 31—നുമുമ്പ് അതിൻെറ തീരുമാനം അറിയിക്കണം. ഈ തീരുമാനം അകാലികളും ഇന്ത്യാഗവണ്മെൻറും സ്വീകരിക്കും. ചണ്ഡീഗഢ് പഞ്ചാബിനും, പഞ്ചാബിലെ ഹിന്ദിപ്രദേശങ്ങൾ ഹരിയാനയ്ക്കും 1986 ജനുവരി 26—ാം തീയതി വിട്ടുകൊടുക്കും. പഞ്ചാബിൻെറയും ഹരിയാനയുടെയും അതിർത്തി പുനർനിർണയിക്കുവാൻ മറെറാരു കമ്മിഷനെ ഇന്ത്യാഗവണ്മെൻറ് നിയമിക്കും. ഈ കമ്മിഷൻെറ തീരുമാനം രണ്ടു കക്ഷികളും സ്വീകരിക്കും.

8 ആനന്ദ്പുർസാഹിബ്പ്രമേയം ഇന്ത്യൻ ഭരണഘടനയ്ക്കു തികച്ചും വിധേയമാണെന്നു് അകാലിദൾ പ്രഖ്യാപിക്കുന്നു. സംസ്ഥാനങ്ങൾക്കു് കൂടുതൽ അധികാരവും കേന്ദ്രത്തിനു് കൂടുതൽ കെട്ടുറപ്പും നൽകുകമാത്രമാണു് ഈ പ്രമേയത്തിൻെറ ലക്ഷ്യം. ഈ പ്രമേയത്തിൽ കേന്ദ്ര—സംസ്ഥാനബന്ധം സംബന്ധിച്ച ഭാഗങ്ങൾ സാർക്കാരിയാകമ്മിഷൻെറ പരിഗണനയ്ക്കു വിട്ടുകൊടുക്കും.

9. റാവി—ബിയാസ്നദികളിലെ വെള്ളം 1985 ജൂലൈ 1—ാം തീയതി കിട്ടിയ അളവിൽനിന്നു കുറയാതെ പഞ്ചാബിലെയും ഹരിയാനയിലെയും രാജസ്ഥാനിലെയും കർഷകർക്കു റാവിയിലും കിട്ടും. ഈ വെള്ളത്തിൽനിന്നു നഗരങ്ങളിലും ഗ്രാമങ്ങളിലും നൽകുന്ന കുടിവെള്ളത്തിൻെറ അളവും കുറയ്ക്കുന്നതല്ല. മിച്ചമുള്ള വെള്ളത്തിൽ എത്ര പഞ്ചാബിനും എത്ര ഹരിയാനയ്ക്കും നൽകണമെന്നും, ഓരോ സംസ്ഥാനത്തിനും

ജൂലൈ 1–ാം തീയതി എത്ര വെള്ളം കിട്ടിയിരുന്നു എന്നും നിർണയിക്കുവാൻ സുപ്രീംകോടതിയിലെ ഒരു ജഡ്ജി അധ്യക്ഷനായി ഒരു ട്രൈബ്യൂണൽ നിയമിക്കും. ആറുമാസത്തിനകം ഈ ട്രൈബ്യൂണൽ വിധി പ്രസ്താവിക്കും. ഈ വിധി ഇരുകക്ഷികൾക്കും ബാധകമായിരിക്കും. ഇപ്പോൾ പണിതുകൊണ്ടിരിക്കുന്ന എസ്. വൈ. എൽ. കനാലിന്റെ പണി 1986 ആഗസ്റ്റ് 15–നു മുമ്പു പൂർത്തിയാക്കും.

10. ന്യൂനപക്ഷതാൽപര്യസംരക്ഷണം സംബന്ധിച്ച് ഇപ്പോൾ ത്തന്നെ നിലവിലുള്ള നിർദേശങ്ങൾ പ്രധാനമന്ത്രി വീണ്ടും മുഖ്യമന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവരും.

11. പഞ്ചാബിഭാഷയെ പോഷിപ്പിക്കുന്നതിനു് കേന്ദ്രഗവണ്മെന്റ് നടപടിയെടുക്കും.

'അകാലിദളും കേന്ദ്രഗവണ്മെന്റും തമ്മിൽ നിലവിലിരുന്ന ഏററുമുട്ടലിന്റെ കാലഘട്ടം ഈ ഒത്തുതീർപ്പോടെ അവസാനിക്കുകയും സൗഹാർദത്തിന്റെയും ശ്രേശംസയുടെയും സഹകരണത്തിന്റെയും യുഗം ആരംഭിക്കുകയുംചെയ്തിരിക്കുന്നു. ഈ യുഗം ഇന്ത്യയുടെ ഐക്യത്തെയും അഖണ്ഡതയെയും ശക്തിപ്പെടുത്തും' എന്ന പ്രഖ്യാപനത്തോടെയാണു് ലോംഗോവാൾ–രാജീവ് ഗാന്ധി ഒത്തുതീർപ്പ് അവസാനിക്കുന്നതു്.

ഈ പ്രഖ്യാപനം യാഥാർത്ഥ്യമായിത്തീരുമെന്നു് നമുക്കു് ആശിക്കുക.

പഞ്ചാബിൽ ഇപ്പോഴുള്ള രാഷ്ട്രപതിഭരണത്തിന്റെ കാലാവധി 1986 ഒക്ടോബർ 5–ാം തീയതി അവസാനിക്കുന്നു. അതിനുമുമ്പ് അവിടെ തെരഞ്ഞെടുപ്പു നടത്തുവാൻ കഴിയുമോ? ഇപ്പോൾ പറയാറായിട്ടില്ല.

18 ആഗസ്റ്റ്, 1985

# 46. പ്രവർത്തിക്കുന്ന പ്രധാനമന്ത്രി

ഇതെഴുതുമ്പോൾ പഞ്ചാബിലെ തെരഞ്ഞെടുപ്പുഫലങ്ങളിൽ പകുതിയോളമേ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളു. എങ്കിലും, ഒരു ആഭ്യന്തരയുദ്ധത്തിന്റെ വക്കത്തു് എത്തിനിന്നിരുന്ന ആ സംസ്ഥാനത്തിന്റെ ഭരണഭാരം അകാലികക്ഷിയിൽ എത്തിച്ചേർന്നിരിക്കുകയാണെന്ന വസ്തുത വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടു്. കോൺഗ്രസ്കക്ഷിക്കു് അവിടെ പ്രതിപക്ഷമെന്ന പദവികൊണ്ടു തൃപ്തിപ്പെടേണ്ടതായിവന്നിരിക്കുന്നു.

തെരഞ്ഞെടുപ്പിൽ കൈവന്ന പരാജയം പഞ്ചാബിൽ കോൺഗ്രസ്സിന്റെ പ്രശസ്തിക്കു മങ്ങലേൽപ്പിച്ചിട്ടുണ്ടു് എന്നതിൽ സംശയമില്ല. എങ്കിലും 'പരാജയോ/പ്യുത്സവ ഏവ മാനിനാം' എന്നു പറഞ്ഞതുപോലെയാണു് ഇക്കാര്യത്തിൽ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ സ്ഥിതി. ജയിച്ചില്ലെങ്കിൽക്കൂടി, പഞ്ചാബിൽ സമാധാനപരമായി തെരഞ്ഞെടുപ്പു നടത്താൻ കഴിഞ്ഞു എന്നതു് പ്രധാനമന്ത്രിയുടെ ദേശീയ–അന്താരാഷ്ട്രീയ പ്രശസ്തി വർദ്ധിപ്പിച്ചിരിക്കുന്നു. ഭീകരപ്രവർത്തനങ്ങളെ വെല്ലുവിളിച്ച്, നിശ്ചിതസമയത്തുതന്നെ തെരഞ്ഞെടുപ്പു നടത്താൻ പ്രധാനമന്ത്രി കൈക്കൊണ്ട തീരുമാനം എത്രയും വിവേകപൂർണമായിരുന്നു എന്നു് ചരിത്രം തെളിയിച്ചിരിക്കുകയാണു്.

ഊർജസ്വലതയാണു് പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ മുഖമുദ്ര. നീട്ടിവെക്കാതെ, എന്നാൽ ഒട്ടും ധൃതിപിടിക്കാതെ, നിശ്ചിതക്രമത്തിൽ കാര്യങ്ങൾ ചെയ്തുതീർക്കുക എന്നതാണു് ഇന്നോളം കാണപ്പെട്ട അദ്ദേഹത്തിന്റെ പ്രവർത്തനശൈലി. വാക്കിലുള്ള മിതത്വവും കണിശവും